(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

റയിൽവേ ക്രോസിംഗ് അപ്രോച്ച് റോഡ് മുതലായവയുടെ പണി

1377. [1966] ശ്രീ. കെ. മൂസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റയിൽവേ ക്രോസിങ്ങുകളുടെ സംരക്ഷണത്തിനും. അപ്രോച്ചു റോഡുകളുടെയും ഓവർബ്രിഡ്ജുകളുടെയും നിർമ്മാണത്തിനും വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിക്കാറുണ്ടോ?; ഉണ്ടെങ്കിൽ 1981-82-, 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ വക കൊള്ളിച്ച സംഖ്യ എത്ര ;

(ബി) ഇതിൽ എന്തു സംഖ്യ ഇതുവരെ ചെലവായി?

ഉത്തരം

(എ) ഉണ്ട്.

1981-82-ൽ രൂപ 5.000 ലക്ഷം
1982-83-ൽ ,, 13.888 ,,
1983-84-ൽ ,, 13.000 ,,
1984-85-ൽ ,, 20.000 ,,

(ബി) ഓരോ വർഷവും ചെലവായ തുക താഴെ ചേർക്കുന്നു

1981-82-ൽ രൂപ 5.45 ലക്ഷം
1982-83-ൽ ,, 31.15 ,,
1983-84-ൽ ,, 48.19 ,,
1984-85-ൽ ,, 4.85 ,,

കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഈ വർഷത്തെ ബഡ്ജറ്റി ലുംപ്പെടുത്തിയിട്ടുള്ള റോഡുകളും

1378. [1969] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ ഈ വർഷം ബഡ്ജറ്റിലുംപ്പെടുത്തിയിട്ടുള്ള എല്ലാ റോഡുകളുടെയും പാലങ്ങളുടെയും പണി ഈ വർഷം തന്നെ ആരംഭിക്കുമോ ;

(ബി) വികസന പ്രവർത്തന രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് കിളിമാനൂർ എന്ന വസ്തുത കണക്കിലെടുത്ത് മരാമത്തു പണികളും പ്രത്യേക പരിഗണന കൊടുത്തുകൊണ്ടുതന്നെ ആരംഭിക്കാനും പൂർത്തിയാക്കാനും സർക്കാർ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) സാമ്പത്തിക പരിമിതികളും കാരണം ബഡ്ജറ്റിൽ ഉംപ്പെടുത്തിയിട്ടുള്ള കിളിമാനൂർ മണ്ഡലത്തിലെ എല്ലാ റോഡുകളുടെയും പാലങ്ങളുടെയും പണി ഈ വർഷം ആരംഭിക്കുക പ്രയാസമാണ്.

(ബി) കിളിമാനൂരിനു മാത്രമായി മരാമത്ത് പണികളും ചെയ്യുന്നതിൽ പ്രത്യേക പരിഗണന കൊടുക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly